**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2507** **07-07-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാർക്ക് വീട് വയ്ക്കാൻ മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സാധാരണക്കാർക്ക് വീട് വയ്ക്കാൻ മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ സുതാര്യമാക്കുന്ന തിന്റെ ഭാഗമായി കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള ട്രാൻസിറ്റ് പാസിന് അപേക്ഷിക്കുന്നതിനായി നിഷ്കർഷിച്ചിരുന്ന ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റ് കൂടി ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി 27/10/2021 ലെ സ.ഉ(കൈ)നം.106/2021/വ്യവ ഉത്തരവ് പുറപ്പെടുവി ച്ചിരുന്നു. ഇത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | **E-Governance: online delivery of services**<br><br>സേവനാവകാശനിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:<br><br>വൻകിട ധാതുക്കളുടെ ഖനനാനുമതിയ്ക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള മൊഡ്യൂളുകൾ 2020 നവംബർ 5 മുതൽ ലഭ്യമാണ്.<br><br>മൈനിംഗ് & ജിയോളജി വകുപ്പ് നൽകി വരുന്ന മറ്റ് നാല് പ്രധാന സേവനങ്ങളുടെ സോഫ്റ്റ് വെയറിന്റെ രണ്ടാംഘട്ട Security Auditing പൂർത്തിയാക്കി ഓൺലൈനായി ഉടൻ ലഭ്യമാക്കുന്നതാണ്.<br><br>വകുപ്പ് നൽകി വരുന്ന മറ്റ സേവനങ്ങളിൽ online ആക്കുവാൻ ബാക്കിയുള്ളവ online ആയി അനുവദിക്കുന്നതിനുള്ള module ന്റെ സോഫ്റ്റ് വെയർ വികസനം NIC ആരംഭിച്ചിട്ടുണ്ട്. ആയത് 2022 സെപ്റ്റംബറോട്ടു കൂടി പൂർത്തീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | **e-Office**:- മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ആഫീസുകളിലും കേരളാ മിനറൽ സ്ക്വാഡ് ആഫീസുകളിലും 24.06.2022 മുതൽ ഇ-ആഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>വകുപ്പിന്റെ നിലവിലുള്ള വെബ് സൈറ്റ് നവീകരിക്കുകയും സംസ്ഥാനത്തുടനീളം ഖനനാനുമതി ലഭ്യമായ ക്വാറികളുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ഒരു 'dashboard' സംവിധാനം ഒരുക്കിയിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ